ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ബ്ലോക്ക് തലത്തിൽ നാൽപത് സംരംഭകത്വ ബോധവത്കരണ സെമിനാറുകളും മൂന്ന് ഇൻവെസ്റ്റ്മെന്റ് മീറ്റും നാല് താലൂക്ക് സെമിനാറുകളും നടത്തുകയും തത്ഫലമായി 812 പുതിയ യൂണിറ്റുകൾ ആരംഭിക്കുകയും എട്ട് യൂണിറ്റുകൾക്ക് 9,18,811 രൂപ സബ്സിഡിയായി നൽകുകയും ചെയ്തു.

ഹാൻടെക്സ് മാനേജിംഗ് ഡയറക്ടർ പ്രകാശിന്റെ അഴിമതി സംബന്ധിച്ച പരാതി

221 (4212) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാൻടെക്സ് മാനേജിംഗ് ഡയറക്ടർ പ്രകാശിന്റെ അഴിമതി സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ആരൊക്കെയാണ് ഹാൻടെക്സ് മാനേജിംഗ് ഡയറക്ടർ പ്രകാശിനെതിരെ പരാതി നൽകിയിട്ടുള്ളതെന്ന വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പരാതികളിന്മേൽ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചത് എന്നുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലാ കൈത്തറി സഹകരണസംഘം അസോസിയേഷൻ സെക്രട്ടറി ശ്രീ. ഡി. രാജശേഖരനാണ് പരാതി നൽകിയിട്ടുള്ളത്.

(സി) പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് കൈത്തറി ആന്റ് ടെക്സ്റ്റയിൽസ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ താലൂക്കുതല പ്രവർത്തനം

222 (4213) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലം ഉൾപ്പെടുന്ന പ്രദേശത്ത് പുതിയതായി വർക്കല താലൂക്ക് നിലവിൽ വന്നതോടെ വ്യവസായ വകുപ്പിന്റെ താലൂക്കുതല പ്രവർത്തനം എങ്ങനെയാണ് ഇപ്പോൾ ക്രമീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly